പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1189.

13.06.2013 ൽ മറുപടിക്ക്

## മണ്ണെണ്ണ വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം. പാലിശ്ശേരി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) 2013 മെയ് മാസത്തെ മണ്ണെണ്ണ വിഹിതം എത്ര; | (എ) കേന്ദ്രസർക്കാരിൽ നിന്നും 2013 രണ്ടാം പാദത്തിലെ (ഏപ്രിൽ, മെയ്, ജൂൺ) വിതരണത്തിനായി കേരളത്തിന് 30048 കി.ലിറ്റർ മണ്ണെണ്ണ നല്കിയിരുന്നു. |
| (ബി) 2011 ജനുവരി മാസത്തെ മണ്ണെണ്ണ വിഹിതം എത്രയായിരുന്നു ; | (ബി) 2011 ജനുവരി മാസത്തെ മണ്ണെണ്ണ വിഹിതം 18756 കി.ലിറ്റർ ആയിരുന്നു. |
| (സി) നിലവിൽ എത്ര റേഷൻ കാർഡുകളുണ്ട്; | (സി) നിലവിൽ റേഷൻ കാർഡുകളുടെ എണ്ണം 8100625 (എൺപത്തി ഒന്നു ലക്ഷത്തി അറുനൂറ്റി ഇരുപത്തിയഞ്ച്) ആണ്. |
| (ഡി) റേഷൻ കാർഡുകളുടെ എണ്ണം വർദ്ധിക്കുമ്പോഴും മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര ഗവൺമെന്റ് നടപടിയിൽ സംസ്ഥാന ഗവൺമെന്റിന്റെ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നു; വ്യക്തമാക്കുമോ? | വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുനസ്ഥാപിച്ചു നല്കാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിളക്കു തെളിയിക്കുന്നതിനും, പാചകത്തിനും മാത്രമാണ് കേന്ദ്രം പി.ഡി.എസ്. മണ്ണെണ്ണ അനുവദിക്കുന്നത്. സംസ്ഥാനത്ത് വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം കൂടുന്നതും എൽ.പി.ജി, കണക്ഷന്റെ എണ്ണം കൂടുന്നതും കാരണം ഒരേ ആവശ്യത്തിന് രണ്ട് തരത്തിൽ സബ്സിഡി അനുവദിക്കാൻ നിർവ്വാഹമില്ല എന്നാണ് കേന്ദ്രത്തിന്റെ നിലപാട്. |

സെക്ഷൻ ഓഫീസർ